വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് റെഡിമെയ്ഡ് വ്യവസായത്തിന്റെ കൂടുതൽ സാദ്ധ്യതകളെക്കുറിച്ചാണ്. ഇപ്പോൾത്തന്നെ ഗവണ്മെന്റ് ഇതിനെ thrust മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. Apparel Park, Cluster തുടങ്ങിയ നടപടികളുമുണ്ട്. അതിനു പുറമെ ഇപ്പോൾ Garment Manufacturers Association-നും ഈ രംഗത്തുള്ള തൊഴിലാളികളുംകൂടി പല നിർദ്ദേശങ്ങളും ഗവണ്മെന്റിലേയ്ക്ക് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ അവരുമായി ചർച്ച ചെയ്ത് ഈ മേഖല കൂടുതൽ പ്രധാനപ്പെട്ട മേഖലയാക്കാൻ വേണ്ട നടപടി ഗവണ്മെന്റ് എടുക്കുന്നതാണ്.

(6) ആറന്മുളയ്ക്കടുത്ത് വയൽ നികത്തൽ

ശ്രീ. പി. സി. ജോർജ്: ഈ സഭയിൽ ഏറ്റവും ആദരണീയയായ കൃഷി വകുപ്പുമന്ത്രി വീട് വയ്ക്കാൻ 5 സെന്റ് പോലും നിലം നികത്താൻ അനുവദിക്കുകയില്ല എന്ന് പ്രഖ്യാപിച്ചിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടേയുള്ളൂ. കഴിഞ്ഞ വെള്ളിയാഴ്ച ഈരാറ്റുപേട്ടയിലേയ്ക്ക് പത്തനംതിട്ട വഴി യാത്ര ചെയ്യുമ്പോൾ ആറന്മുള മുല്ലപ്പുഴശ്ശേരി പഞ്ചായത്തിൽപ്പെട്ട 125 ഏക്കർ നെൽപ്പാടം നികത്തിക്കൊണ്ടിരിക്കുന്നത് കാണാൻ കഴിഞ്ഞു. പത്തനംതിട്ടയിലെ ജനങ്ങളുടെ മുമ്പിൽ കള്ളപ്രചരണം നടത്തിക്കൊണ്ടാണ് ഈ നികത്തൽ നടത്തുന്നത്. വലിയ കുന്നിൻ പ്രദേശം വാങ്ങി അതുമുഴുവൻ മാന്തിയാണ് ഈ നെൽപ്പാടം നികത്തുന്നത്. Mount Zion Trust-ന്റെ എം. ഡി. എബ്രഹാം കലമണ്ണിൽ ഒരു പത്രസമ്മേളനം നടത്തി പറഞ്ഞു അവിടെ ഒരു വിമാനത്താവളം ഉണ്ടാക്കുകയാണെന്ന്. വിമാനത്താവളമുണ്ടാക്കുന്നുവെന്ന് പ്രചരണം വന്നതുകൊണ്ട് ജനം എതിർത്തില്ല. ഇപ്പോൾ ആ വിമാനത്താവളത്തെപ്പറ്റി ഞാൻ അന്വേഷിക്കുകയുണ്ടായി. വിമാനത്താവളത്തിന് അനുവാദം കിട്ടണമെങ്കിൽ Airport Authority of India-യുടെ അനുവാദം വേണം. ഇദ്ദേഹം പത്രസമ്മേളനം നടത്തിക്കൊണ്ട് പറഞ്ഞത് Director General of Civil Aviation (രാജ് ഭട്നഗർ)-ന്റെ അനുവാദമുണ്ടെന്നാണ്. ഞാൻ അദ്ദേഹത്തെ വിളിച്ചപ്പോൾ ആ സ്ഥാനത്തുനിന്ന് അദ്ദേഹം സ്ഥലം മാറിപ്പോയെന്നാണ് അറിഞ്ഞത്. വർഷങ്ങൾക്കുമുമ്പ് അദ്ദേഹം ആ സ്ഥാനത്തുണ്ടായിരുന്നു. ഇപ്പോൾ ആ സ്ഥാനത്ത് സാം ജബ്വാ രഞ്ജിത്ത് എന്ന ആളാണ്. അയാൾ ഇത് അറിഞ്ഞിട്ടില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, വിമാനത്താവളമുണ്ടാക്കുന്നുവെന്ന് ജനങ്ങളിൽ ആശയുണ്ടാക്കിക്കൊണ്ട്, 125 ഏക്കർ പാടമാണ് നികത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടതാണ്. മലമ്പ്രദേശം വാങ്ങി ആ മണ്ണുമറിച്ച് നിലം നികത്തുകയാണ്. ഇത് ദി ഹിന്ദു പത്രത്തിലെ വാർത്തയാണ്. മനോരമ, മാതൃഭൂമി, മാധ്യമം, മംഗളം തുടങ്ങിയ പത്രങ്ങളിലും വളരെ വിശദമായി വാർത്ത വന്നിട്ടുണ്ട്. പത്രക്കാരെപ്പോലും തെറ്റിദ്ധരിപ്പിച്ചു. വിമാനത്താവളമെന്ന് പറഞ്ഞപ്പോൾ ആളുകൾ വിശ്വസിച്ചുപോയി. അതുപോലെതന്നെ എബ്രഹാം കലമണ്ണിൽ എന്ന വ്യക്തി പത്രസമ്മേളനത്തിൽ പറഞ്ഞത് സ്റ്റേറ്റ് ഗവണ്മെന്റിന്റെ എൻ.ഒ.സി. കിട്ടിയെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഗൗരിയമ്മയെപ്പോലും കബളിപ്പിച്ചുകൊണ്ട് 125 ഏക്കറോളം നിലം നികത്താൻ പോകുന്ന നടപടിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. മാത്രമല്ല ഉദ്യോഗസ്ഥന്മാർ മിണ്ടാതിരിക്കേണ്ട കാര്യമെന്താണ്? ഗവണ്മെന്റ് തീരുമാനം നടപ്പാക്കാൻ ബാധ്യതപ്പെട്ട ഉദ്യോഗസ്ഥന്മാർ മര്യാദകേട് കാണിച്ചിരിക്കുന്നു എന്നതുകൊണ്ട് അവരുടെ പേരിൽക്കൂടി നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്ന് താൽപ്പര്യപ്പെടുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): എന്നെ കബളിപ്പിക്കാൻ.....എന്റെയടുത്ത് ആരും പെറ്റിഷൻ തന്നിട്ടില്ല. അതുകൊണ്ട് എന്നെ കബളിപ്പിക്കാമെന്ന്, ജോർജ് വിചാരിക്കണ്ട. 13-7-2004-ൽ കെ. ജെ. എബ്രഹാം കളമണ്ണിൽ, കോഴഞ്ചേരി എന്ന ഒരാൾ പത്തനംതിട്ട കളക്ടർക്ക് നിലം നികത്താൻ ഒരു അപേക്ഷ കൊടുത്തിട്ടുണ്ട്. ഇതുപോലെ നികത്തൽ ധാരാളം നടക്കുന്നുണ്ട്. അതുകൊണ്ടാണ് 5 സെന്റ് നികത്താൻ കൊടുത്തിരുന്ന അനുവാദം സ്വന്തമായി വേറെ ഭൂമിയില്ലാത്തവനും, കുടുംബമായി താമസത്തിന് വീടില്ലാത്തവനുമായി നിജപ്പെടുത്തിയത്. ശക്തന്മാരായ ചിലർ ഇതിന്റെ പിന്നിലുണ്ട്. കരിമണൽ കേസ് വന്നപ്പോൾ അതിന്റെ പരാതികളുമായി ചില ആളുകൾ വന്നു. ഭൂമി വാങ്ങിക്കൊടുക്കാൻ നടന്നവരും അതുപോലെ ശക്തന്മാരായ ചിലയാളുകളും ഇതിന്റെ പിന്നിലുണ്ടെന്നാണ് മനസ്സിലാകുന്നത്. തീർച്ചയായും ഗവണ്മെന്റിനെ സ്വാധീനിക്കാൻ കഴിയുകയില്ല. കളക്ടർ അനുവാദം കൊടുത്തിട്ടില്ല. കൃഷി വകുപ്പിന് ഇതിനെപ്പറ്റി അറിയില്ലായിരുന്നു. കൃഷിവകുപ്പ് ഇത് കണ്ടയുടൻ എന്തുകൊണ്ട് ഇത് തടഞ്ഞില്ല. എന്തുകൊണ്ട് നികത്തൽ നിർത്തിയില്ല എന്നതു സംബന്ധിച്ച് ഒരു നോട്ടീസ് കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അനധികൃതമായ നികത്തൽ അനുവദിക്കുകയില്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

(7) ചെല്ലാനം പഞ്ചായത്തിൽ കടലാക്രമണത്തിനിരയായ മൽസ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, മേയ് മാസം ആദ്യവാരത്തിൽ കേരളത്തിലുണ്ടായ അതിരൂക്ഷമായ കടലാക്രമണംമൂലം ഏറ്റവുമധികം നാശനഷ്ടമുണ്ടായത് എറണാകുളം ജില്ലയിലാണ്. കടലാക്രമണത്തെത്തുടർന്ന് എന്റെ നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ 1800 വീടുകൾക്ക് കേടുപാടുണ്ടായി. വള്ളവും വലയുമൊക്കെ നശിച്ചു. കളക്ടർ റിപ്പോർട്ടു ചെയ്തത് ഏകദേശം 50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിയെന്നാണ്. ആകെ കൊടുത്തത് ഒരാഴ്ചത്തെ സൗജന്യറേഷൻ മാത്രം. കുറച്ച് മണ്ണുചാക്ക് വച്ചു. ആകെ അഞ്ചുലക്ഷം രൂപയാണ് ജില്ലയ്ക്ക് മൊത്തം കിട്ടിയത്. ആ പഞ്ചായത്തിൽ മാത്രം 50 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി. എല്ലാപേരും പാവപ്പെട്ടവരാണ്. അടിയന്തിരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾ നശിച്ചുപോയി. അവർ കടമെടുത്ത പണമാണ്. അടിയന്തിരമായി നഷ്ടപരിഹാരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly